പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**2903** **22.06.2012-** ലെ മറുപടിക്ക്

<u>പ്രവാസികൾക്കായി തിരിച്ചറിയൽ കാർഡും പെൻഷനും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. അച്ചുതൻ</u><br><u>ശ്രീ. വി.പി. സജീന്ദ്രൻ</u><br><u>ശ്രീ. ലൂഡി ലൂയിസ്</u><br><u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി ഇന്ത്യൻ വർക്കേഴ്സ് പെൻഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) കേന്ദ്ര പ്രവാസികാര്യ മന്ത്രാലയമാണ് പെൻഷൻ & ലൈഫ് ഇൻഷുറൻസ് ഫണ്ട്(PLIF) എന്ന പദ്ധതി രൂപീകരിച്ച് ആദ്യമായി കേരളത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. പ്രവാസികളുടെ സ്ഥിരമായ തിരിച്ചുവരവിനും തുടർന്നുള്ള അവരുടെ ജീവനോപാധി ഉറപ്പാക്കുന്നതിനും സമ്പാദ്യം സ്വരൂപിക്കുക.<br>2. വാർദ്ധക്യകാലത്തേക്ക് വേണ്ടി സമ്പാദ്യം സ്വരൂപിക്കുക.<br>3. പ്രത്യേക അപേക്ഷ കൂടാതെതന്നെ ഇൻഷുറൻസ് കാലയളവിൽ സാധാരണ മരണത്തിന് സാമ്പത്തിക സഹായം ലഭിക്കുന്ന ഇൻഷുറൻസ് ലഭ്യമാക്കുക. |
| (ബി)ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതിയുടെ പ്രയോജനങ്ങൾ ലഭിക്കുന്നത്; | (ബി) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന എമിഗ്രേഷൻ ക്ലീയറൻസ്(ECR) ആവശ്യമാണെന്ന നിബന്ധന നിഷ്കർഷിച്ചിട്ടുള്ള ഇന്ത്യൻ തൊഴിലാളികൾക്കാണ്. |

(സി)ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളത്;

(സി) ഉറപ്പ് ലഭിച്ചിട്ടില്ല.

(ഡി)സംസ്ഥാനത്തിനനുസൃതമായി ഈ പെൻഷൻ പദ്ധതി പരിഷ്കരിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ?

(ഡി) ഈ പദ്ധതി രാജ്യത്തെ എല്ലാ സംസ്ഥാനത്തിൽനിന്നുമുള്ള വിദേശ ഇന്ത്യക്കാരെ ഉദ്ദേശിച്ചുള്ളതാണ്. പദ്ധതിയുടെ വിശദാംശങ്ങളും നടത്തിപ്പുരീതികളും ലഭ്യമായശേഷം ആവശ്യമെങ്കിൽ പദ്ധതിപരിഷ്കരണം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ